**വിവരാവകാശം / മറുപടി**

നമ്പർ: H3-3188/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
Pin- 695 033. Ph: 0471- 2306040
**email: swdkerala@gmail.com**
തീയതി : 23.8.2017.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീ. മനോജ്
സന്തോഷ് ഭവൻ,
മല്ലിക
തട്ടയിൽ പി.ഒ
അടൂർ (via), പത്തനംതിട്ട.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ്- വിവരാവകാശ നിയമം 2005 പ്രകാരമുള്ള താങ്കളുടെ അപേക്ഷയ്ക്ക് മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: 1) 16.8.2017ൽ ലഭ്യമായ താങ്കളുടെ അപേക്ഷ.
2) 14.8.2017ലെ താങ്കളുടെ അപേക്ഷ.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധക്ഷണിയ്ക്കുന്നു. മനോരോഗികൾ നേരിടുന്ന പ്രശ്നങ്ങളെ അടിസ്ഥാനമായി ബഹു. മുഖ്യമന്ത്രിയ്ക്ക് താങ്കൾ സമർപ്പിച്ച അപേക്ഷ G.176304539 എന്ന ഡോക്കറ്റ് നമ്പരായി ഓൺലൈനായി ഈ കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളതാണ്. പ്രസ്തുത അപേക്ഷ മനോരോഗം ബാധിച്ചവരുടെ ഉന്നമനം, പുനരധിവാസം, ടി വിഷയവുമായി ബന്ധപ്പെട്ട് സമൂഹത്തിന് നൽകേണ്ട ബോധവത്കരണം, ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എന്നിവ സംബന്ധിച്ചുള്ളവയാണ്. മനോരോഗം ഭേദമായവരുടെ പുന:രധിവാസ പ്രവർത്തനങ്ങളാണ് വകുപ്പു മുഖേന് നടപ്പാക്കുന്നത്. G.170304539 ഡോക്കറ്റ് നമ്പരായി ലഭിച്ചിട്ടുള്ള അപേക്ഷയിൻമേൽ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ 19.5.2017 തീയതിയിൽ പ്രസ്തുത അപേക്ഷ ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിലേയ്ക്ക് ഓൺലൈനായി മടക്കി നൽകിയിട്ടുണ്ട്.

സ്വന്തമായി വസ്തുവോ വീടോ ഇല്ലാതെ കഴിയുന്നവർക്ക് അവ ലഭ്യമാക്കുന്നതിനോ മാനസിക രോഗികളുടെയും അവരെ പരിചരിക്കുന്നവരുടെയും ഉന്നമനത്തിനായി വകുപ്പുതലത്തിൽ പദ്ധതികളൊന്നും നടപ്പാക്കുന്നില്ലായെന്ന വിവരം അറിയിക്കുന്നു. എന്നാൽ മനോരോഗം ഭേദമായവരെ പുനഃരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലായി സർക്കാർ നിയന്ത്രണത്തിലുള്ള ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്താൽ പ്രവർത്തിക്കുന്ന നിരവധി സർക്കാരിതര പുനഃരധിവാസ പ്രവർത്തന കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലുമായി പ്രവർത്തിക്കുന്നുവെന്ന വിവരവും അറിയിക്കുന്നു.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ സാമൂഹ്യനീതി ഡയറക്ടറേറ്റിലെ അപ്പീൽ അധികാരിക്ക് ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ താങ്കൾക്ക് അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

അപ്പീൽ അധികാരി & അഡീഷണൽ ഡയറക്ടർ<br>
സാമൂഹ്യനീതി ഡയറക്ടറേറ്റ്,<br>
വികാസ്ഭവൻ, 5th Floor,<br>
തിരുവനന്തപുരം.- 33.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ<br>
എച്ച് സെക്ഷൻ.